LIBRARY ARCHIVES Kerala Legislative Assembly

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം

124 (1133) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് സ്വയംഭരണാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(സി) സ്വയംഭരണ സ്ഥാപനമാകുന്നതോടെ കോളേജിൽ നിലവിലുള്ള ഫീസ് ഘടനയിൽ പതിന്മടങ്ങ് വർദ്ധനയുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭാവിയിൽ സാധാരണക്കാരായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സാഹചര്യം നഷ്ടപ്പെടുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വയംഭരണാവകാശം നടപ്പിലാക്കുന്നതിന്റെ ഗുണ-ദോഷവശങ്ങളെ കുറിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

### ഉത്തരം

(എ&ബി) മികച്ച നിലവാരം പുലർത്തുന്ന ആർട്സ് & സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്ന കാര്യം സർക്കാർ ആലോചിച്ചുവരുന്നു.

(സി&ഡി) അക്കാഡമിക് സ്വയംഭരണം നൽകുന്നതിന് ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് മികച്ച നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച വിഷയം പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രമുഖ നിയമ വിദഗ്ദ്ധനായ പ്രൊഫ. എൻ. ആർ. മാധവമേനോൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ

125 (1134) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ പിന്നാക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ഏതെല്ലാം ;

(സി) ഇതിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ വികസനത്തിനായി കമ്മ്യൂണിറ്റി കോളേജ് പദ്ധതി, കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുക, അക്കാഡമിക് സിറ്റി സ്ഥാപിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി കൗൺസിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുവരികയാണ്. നിരവധി ഉപസമിതികൾ സമർപ്പിച്ച റിപ്പോർട്ടുകൾ കൗൺസിലിന്റെ ശുപാർശയോടൊപ്പം സർക്കാരിന് നൽകിയിട്ടുണ്ട്. ബിരുദതല പുനഃസംഘാടനത്തെ സംബന്ധിച്ചുള്ള പ്രൊഫ. ഹൃദയകുമാരി കമ്മിറ്റി, അധ്യാപകേതര ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിച്ച പ്രൊഫ. രവീന്ദ്രനാഥ് കമ്മിറ്റി, ഉന്നത വിദ്യാഭ്യാസ നയരൂപീകരണത്തിനായി നിയോഗിച്ച പ്രൊഫ. തരീൻകമ്മിറ്റി എന്നിവയുടെ ശുപാർശകൾ ഇതിനകം സർക്കാരിന് സമർപ്പിച്ചുകഴിഞ്ഞു. സ്ഥാപനങ്ങളെയും അദ്ധ്യാപകരെയും മൂല്യനിർണ്ണയം ചെയ്യുന്ന പുതിയ അസ്സസ്മെന്റ് അക്രഡിറ്റേഷൻ സംവിധാനം, കോളേജുകൾക്ക് സ്വയംഭരണം, ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂഷൻ ലിങ്കേജ്, അഫിലിയേഷൻ സമ്പ്രദായം തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ഉപസമിതിയുടെ പരിഗണനാവിഷയങ്ങളാണ്. കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിക്കൽ, സാങ്കേതിക സർവ്വകലാശാല എന്നീ പദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു. ഇതുകൂടാതെ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ പുതിയ പല പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ എമർജിംഗ് കേരള പദ്ധതിയിൽ ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ കോഴ്സുകൾ, തെരഞ്ഞെടുത്ത എഞ്ചിനീയറിംഗ് കോളേജുകളിൽ ആരംഭിച്ചിട്ടുണ്ട്. വൊക്കേഷണൽ എഡ്യൂക്കേഷൻ സാമൂഹികമായി കൂടുതൽ അംഗീകാരം ലഭിക്കുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനായി എ.ഐ.സി.ടി.ഇ.യും എം.എച്ച്.ആർ.ഡി.യും വിഭാവനം ചെയ്യുന്ന രീതിയിലുള്ള "നാഷണൽ വൊക്കേഷണൽ എഡ്യൂക്കേഷൻ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്" (എൻ.വി.ഇ.ക്യു.എഫ്) എന്ന പദ്ധതി പ്രകാരമുള്ള സാങ്കേതിക വിദ്യാഭ്യാസം സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്കുകളിലും, ടെക്നിക്കൽ ഹൈസ്കൂളുകളിലും നടപ്പിലാക്കാനുദ്ദേശിക്കുന്നു. വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വൊക്കേഷണൽ എഡ്യൂക്കേഷൻ രംഗത്ത് സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 49 കോളേജുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം, വാക്ക് വിത്ത് എ സ്കോളർ പ്രോഗ്രാം, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 56 ലക്ഷം രൂപയുടെ ധനസഹായത്തിനുള്ള റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളായ കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം 350 ലക്ഷം, സെന്റർ ഓഫ് എക്സലൻസ് ഓഫ് 10 കോളേജസ് 900 ലക്ഷം, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം 1000 ലക്ഷം, ട്രെയിനിംഗ് കോളേജുകൾ 42.1 ലക്ഷം എന്നിങ്ങനെ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുള്ളതാണ്.

### ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് പദ്ധതി

126 (1135) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാൻ കഴിയുമെന്ന് കരുതുന്ന നേട്ടങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) 2012–13 സാമ്പത്തിക വർഷം ഉന്നത വിദ്യാഭ്യാസ മേഖലയുടെ മെച്ചപ്പെടുത്തലിനായി എന്തു തുക വകയിരുത്തി, എന്തു തുക ചെലവഴിച്ചു എന്നീ വിശദാംശങ്ങൾ നൽകുമോ ?

#### ഉത്തരം

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഉദ്ഗ്രഥനം ലക്ഷ്യമിട്ടു കൊണ്ട് Higher Education 2.0 – Illumine the Future എന്ന പേരിൽ ഒരു പദ്ധതി ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾ മുഖേന ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ (Quality) വർദ്ധിപ്പിക്കുന്നതാണ്. സ്കോളർ സപ്പോർട്ട് പ്രോഗ്രാമിൽകൂടി വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷകളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം വിദ്യാർത്ഥികൾക്ക് തൊഴിൽവൈദഗ്ദ്ധ്യം നേടുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന് 9 കോടി രൂപ വകയിരുത്തിയതിൽ 4,94,96,826 രൂപ (നാലുകോടി തൊണ്ണൂറ്റിനാലുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് രൂപ) ചെലവായിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് വിവിധ പദ്ധതികൾക്കായി 8040 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഇതുവരെ 5898.4 ലക്ഷം രൂപ ചെലവഴിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly